# മാനസികാരോഗ്യം ഇന്ത്യയിൽ - ഒരു അവലോകനം

ഡോ. പി.എൻ. സുരേഷ്കുമാർ
ഡയറക്ടർ
ചേതന - സെന്റർ ഫോർ ന്യൂറോ സൈക്യാട്രി, കോഴിക്കോട്

മാനസികാരോഗ്യരംഗത്ത് സമഗ്ര മുന്നേറ്റം ലക്ഷ്യംവച്ചുകൊണ്ട് ലോകാരോഗ്യ സംഘടനയുടെ നിർദ്ദേശപ്രകാരം എല്ലാ വർഷവും ഒക്ടോബർ 10-ാം തിയ്യതി ലോക മാനസസിക ആരോഗ്യദിനമായി ആചരിച്ചുവരുന്നു.

മാനസികരോഗങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം ഉണ്ടാക്കുക, തടസ്സങ്ങൾ കണ്ടെത്തി പരിഹരിക്കുക, മാനസികാരോഗ്യ വിഷയങ്ങളിൽ സർക്കാറിന്റെ പങ്കാളിത്തം വർദ്ധിപ്പിക്കുക എന്നതൊക്കെയാണ് ഈ ദിനാചരണത്തിന്റെ ഉദ്ദേശങ്ങൾ.

ഈ അവസരത്തിൽ 2015-16ൽ ഇന്ത്യയിൽ 12 സംസ്ഥാനങ്ങളിലായി മൊത്തം 35000 ആളുകളിൽ നടത്തപ്പെട്ട ദേശീയ മാനസികാരോഗ്യ സർവ്വേയിലെ (National Mental Health Survey - NMHS) പ്രധാന കണ്ടെത്തലുകൾ ഒന്ന് പരിശോധിക്കുന്നത് നന്നായിരിക്കും.

18 വയസ്സിന് മുകളിലുള്ള ഇന്ത്യാക്കാരിൽ 10.6 ശതമാനത്തിനും ഏതെങ്കിലും തരത്തിലുള്ള മാനസികാരോഗ്യ പ്രശ്നം ഉള്ളതായി പ്രസ്തുത സർവ്വേ ചൂണ്ടിക്കാണിക്കുന്നു. ഇതിൽ മാനസികാരോഗ്യ സേവനം വേണ്ടിവരുന്നവർ 15 കോടിയോളം വരും. മാനസികരോഗങ്ങളുടെ വ്യാപ്തി പരിശോധിക്കുമ്പോൾ വിഷാദം, ഉത്കണ്ഠ എന്നിവ ഈ സംഖ്യയിൽ 10 ശതമാനത്തോളം വരും. തീവ്ര മാനസിക രോഗങ്ങളായ സൈക്കോസിസ്, സ്കിസോഫ്രീനിയ, ബൈപോളാർ എന്നിവ ഒരു ശതമാനവും.

ഇരുപതിൽ ഒരാൾക്ക് വിഷാദരോഗം ഉള്ളതായും പ്രസ്തുത സർവ്വേ പറയുന്നു. ഗ്രാമങ്ങളെ അപേക്ഷിച്ച് നഗരങ്ങളിൽ മാനസികാരോഗ്യ പ്രശ്നങ്ങൾ കൂടുതൽ. 22.4% ആളുകൾക്ക് ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട മാനസികാരോഗ്യ പ്രശ്നങ്ങൾ ഉള്ളതായി കാണുന്നു. ഇതിൽ 20% പുകയില ഉപയോഗിക്കുന്നവരും 4.6% മദ്യം ഉപയോഗിക്കുന്നവരും ആണ്.

1% ആളുകൾക്ക് കൂടിയ ആത്മഹത്യാ സാധ്യത ഉള്ളവതായും കണ്ടെത്തി. സ്ത്രീകൾക്കും കുട്ടികൾക്കും മാനസികാരോഗ്യ പ്രശ്നങ്ങൾ കൂടുന്നതായും കാണുന്നു. 18 വയസ്സിന് താഴെയുള്ള 7.3% കുട്ടികൾക്ക് പരിചരണം ആവശ്യമായ മാനസികാരോഗ്യ പ്രശ്നങ്ങൾ ഉള്ളതായും കണ്ടെത്തി.

മാനസികാരോഗ്യപ്രശ്നങ്ങൾ ഏറ്റവും കൂടുതൽ ഉള്ളത് 20-40 വയസ്സിനിടയിൽ ഉള്ളവരിലാണ്. സമൂഹത്തിനായി വളരെയധികം കാര്യങ്ങൾ ചെയ്യാൻ കഴിയുന്ന സമയം ആണിത്. മാനസിക പ്രശ്നങ്ങളുള്ള വ്യക്തികളിൽ 80 ശതമാനവും രോഗം തുടങ്ങി ഒരു വർഷം കഴിഞ്ഞിട്ടാണ് മനോരോഗ വിദഗ്ധരെ സമീപിക്കുന്നത്. മാനസികാരോഗ്യ വിദഗ്ധരുടെ ലഭ്യത പരിശോധിക്കുമ്പോൾ ഇന്ത്യയിൽ ഒരു ലക്ഷം ആളുകൾക്ക് ആനുപാതികമായി ഉള്ള സൈക്യാട്രിസ്റ്റ് 0.05-1.2 ഉംസൈക്കോളജിസ്റ്റുകൾ 0.6 ഉം ആണ്. മികച്ച സ്ഥിതി കേരളത്തിൽ ആണെന്നതാണ് ആശ്വാസകരം.

ആരോഗ്യമേഖലയിൽ ഇന്ത്യയിലെ ബജറ്റ് വിഹിതം വളരെ കുറവാണ്. 2020ൽ - 69000 കോടി ആരോഗ്യ മേഖലക്ക് അനുവദിച്ചപ്പോൾ മാനസികാരോഗ്യ മേഖലക്ക് ഒന്നും ഇല്ലായിരുന്നു. ആരോഗ്യ ബജറ്റിന്റെ 0.05% മാത്രം മാനസികമേഖലക്ക് ലഭിച്ചത് ജീവനക്കാരുടെ ശമ്പളത്തിന് പോലും ഈ തുക തികയില്ല.

കേരളത്തിൽ ആരോഗ്യമേഖലയിലെ ബജറ്റിൽ 1.2% മാനസികാരോഗ്യ മേഖലക്ക് ലഭിച്ചെങ്കിലും ചിലവാക്കിയത് വെറും 0.2 ശതമാനം മാത്രം.

നെതർലാന്റ് പോലെ മാനസികാരോഗ്യ സൂചികയിൽ മുൻപന്തിയിൽ നിൽക്കുന്ന രാജ്യങ്ങളിൽ ആകെ തുകയുടെ 20 ശതമാനവും മാനസികാരോഗ്യമേഖലയിലാണ് ചിലവാക്കുന്നത്. ഇന്ത്യയിൽ മിക്ക സംസ്ഥാനങ്ങൾക്കും മാനസികാരോഗ്യമേഖലക്ക് ഫണ്ടിംഗ് ഇല്ല. കുറച്ചെങ്കിലും ഉള്ളത് കേരളത്തിലും ഗുജറാത്തിലും മാത്രമാണ്.

**ട്രീറ്റ്മെന്റ് ഗാപ്**

രോഗമുള്ളവരിൽ ഏത്ര പേർക്ക് ചികിത്സ ലഭിക്കുന്നു എന്നതിന്റെ സൂചികയാണ് ട്രീറ്റ്മെന്റ് ഗാപ് അഥവാ ചികിത്സയിലെ അന്തരം. ഇന്ത്യയിൽ മാനസികരോഗ ചികിത്സയിലെ അന്തരം 70%ത്തിൽ കൂടുതലാണ്. മദ്യപാനത്തിൽ 86%, വിഷാദം 85%, സ്കീസോഫ്രീനിയ, ബൈപോളാർ 70%. മനോരോഗ ചികിത്സയിലെ മൊത്തം അന്തരം കേരളത്തിൽ 85% ആണ്. അതായത് 85 ശതമാനത്തിനും വേണ്ടതായ ചികിത്സ ലഭിക്കുന്നില്ല എന്നതാണ് ഇതിനർത്ഥം.

**രോഗം മൂലമുള്ള പ്രത്യാഘാതങ്ങൾ**

മാനസിക രോഗമുള്ള വ്യക്തികളിൽ നാലിൽ മൂന്ന് ആളുകൾക്കും അവരുടെ കുടുംബ, സാമൂഹിക ചുറ്റുപാടുകളിൽ കാര്യമായ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു. പകുതിയലധികം പേർക്കും ദൈനംദിന കാര്യങ്ങൾക്ക്പോലും മറ്റുള്ളവരുടെ സഹായം വേണ്ടിവരുന്നതായും സർവ്വേ പറയുന്നു.

മാനസിക രോഗികളെ പരിചരിക്കുന്ന വീട്ടുകാർക്കും, ബന്ധുക്കൾക്കും ഓരോ വർഷവും 40 മുതൽ -80 തൊഴിൽ ദിനങ്ങൾ വരെ ഇയാളെ പരിചരിക്കാനായി നഷ്ടപ്പെടുന്നു. മാത്രമല്ല ഈ വ്യക്തിയുടെ ചികിത്സക്ക് വേണ്ടി മാസം 1000-1500 രൂപ കയ്യിൽനിന്നും ചിലവഴിക്കേണ്ടിവരുന്നു. സാധാരണ കുടുംബങ്ങളെ അപേക്ഷിച്ച് ഇത് വളരെ വലിയ തുകയാണ്. കൂടാതെ മാനസികരോഗികളോടുള്ള വേർതിരിവ് നല്ലൊരു ശതമാനത്തിനും നമ്മുടെ നാട്ടിൽ നേരിടേണ്ടിവരുന്ന ഈ വേർതിരിവ് രോഗിയെ ശാസ്ത്രീയമായി ചികിത്സ നേടുന്നതിൽനിന്നും വൈകിപ്പിക്കുന്നു.

സാമ്പത്തികമായും, വിദ്യാഭ്യാസപരമായും, തൊഴിൽപരമായും പിന്നോക്കം നിൽക്കുന്ന വ്യക്തികളിൽ മാനസികരോഗംമൂലമുള്ള വൈകല്യങ്ങൾ കൂടുതലായും കാണുന്നു.

**നിലവിൽ ലഭ്യമായ മാനസികാരോഗ്യ സേവനങ്ങൾ (National Mental Health Program)**

ഒട്ടുമിക്ക സംസ്ഥാനങ്ങളിലും മാനസികാരോഗ്യ പദ്ധതിക്ക് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല എന്നതാണ് നിർഭാഗ്യകരമായ വസ്തുത. കേരളം, തമിഴ്നാട്, ഗുജറാത്ത്

എന്നീ സംസ്ഥാനങ്ങളാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നതിൽ മുന്നിൽ നിൽക്കുന്നു. ദേശീയ മാനസികാരോഗ്യ പരിപാടി ആരംഭിച്ച് 35 വർഷങ്ങൾ കഴിഞ്ഞുവെങ്കിലും കേരളത്തിൽ മാത്രമാണ് എല്ലാ ജില്ലകളിലും ഈ സേവനം ലഭ്യമായിട്ടുള്ളത്. മറ്റു സംസ്ഥാനങ്ങളിൽ മൂന്നിലൊന്നും സംസ്ഥാനങ്ങളിൽ 50% ജനങ്ങൾക്ക് മാത്രമാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്.

മറ്റൊരു ദൗർഭാഗ്യകരമായ വസ്തുത ഒട്ടുമിക്ക സംസ്ഥാനങ്ങളിലും മെന്റൽ ഹെൽത്ത് ആക്ഷൻ പ്ലാൻ ഇല്ല എന്നതാണ്. മിക്ക സംസ്ഥാനങ്ങളിലും മാനസികാരോഗ്യ വിദഗ്ധരുടെ എണ്ണത്തിലും സ്ഥാനങ്ങളുടെ എണ്ണത്തിലും വൻ കുറവും സർവ്വേ എടുത്തു കാണിക്കുന്നു. മാനസികാരോഗ്യത്തെക്കുറിച്ച് പൊജനങ്ങൾക്കുള്ള അവബോധം കൂട്ടാനുള്ള ശ്രമങ്ങളും വളരെ കുറവാണ്. മരുന്നുകളുടെ ലഭ്യത കുറവ്, ക്ലിനിക്കൽ പഠനങ്ങൾ കുറവ്, പദ്ധതികൾ വിലയിരുത്താനുള്ള സംവിധാനം ഇല്ല എന്നതൊക്കെയാണ് ഇന്ത്യയിലെ മാനസികാരോഗ്യ രംഗത്തെ മറ്റു വീഴ്ചകൾ.

**മെന്റൽ ഹെൽത്ത് കെയർ ആക്ട് 2017**

പുരോഗമനപരമായ നിർദ്ദങ്ങളുള്ള രോഗികളുടെ അവകാശങ്ങൾക്ക് ഏറെ പ്രാധാന്യം കൊടുക്കുന്ന നിയമമാണിത്. ഈ നിയമം നമ്മുടെ രാജ്യത്ത് നടപ്പിൽ വരുത്താൻ ചുരുങ്ങിയത് 90000 കോടി രൂപ വേണം. എന്നാൽ നമ്മൾ ചിലവാക്കുന്നത് നാമമാത്രമായ തുക മാത്രമാണ്. അതുകൊണ്ട് തന്നെ ഈ നിയമം മിക്ക സംസ്ഥാനങ്ങളിലും പേപ്പറിൽ മാത്രമായി ചുരുങ്ങുന്നു.

**മാനസികാരോഗ്യ ചികിത്സാരംഗത്തെ അന്തരം പരിഹരിക്കാൻ ലോകാരോഗ്യ സംഘടന മുന്നോട്ടുവക്കുന്ന 10 നിർദ്ദേശങ്ങൾ**

1) മാനസികാരോഗ്യ സേവനങ്ങൾ പ്രാഥമികാരോഗ്യ തലത്തിൽ തന്നെ ലഭ്യമാക്കുക
2) ചികിത്സക്ക് ആവശ്യമായ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുക
3) ആശുപത്രികളിലെ നീണ്ട ചികിത്സ ഒഴിവാക്കി സമൂഹത്തിൽ തന്നെ ആളുകളെ ചികിത്സിക്കുന്ന രീതി കൊണ്ടുവരിക
4) മാനസികാരോഗ്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുക
5) മാനസികാരോഗ്യ മേഖലയിൽ വിവിധ പ്രവർത്തനങ്ങൾക്ക് രോഗികൾ, കുടുംബാംഗങ്ങൾ, സമൂഹം എന്നിവരുടെ കൂട്ടായ സഹകരണം ഉറപ്പാക്കുക
6) ദേശീയ മാനസികാരോഗ്യ പദ്ധതി എല്ലാ രാജ്യങ്ങളിലും നടപ്പിലാക്കുക
7) മാനസികാരോഗ്യ മേഖലയിൽ കൂടുതൽ ആളുകൾക്ക് പരിശീലനം കൊടുക്കുക
8) സർക്കാർ, സർക്കാർ ഇതര മേഖലകളുമായുള്ള സഹകരണം വർദ്ധിപ്പിക്കുക
9) മാനസികാരോഗ്യ സേവനങ്ങൾ കൃത്യമായ കാലയളവിൽ വിലയിരുത്താനും, മാറ്റങ്ങൾ വരുത്താനുമുള്ള സംവിധാനങ്ങൾ നടപ്പിലാക്കുക
10) മാനസികാരോഗ്യ രംഗത്തെ പഠനങ്ങൾ പ്രോത്സാഹിപ്പിക്കുക

*/*